**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - നാഷണൽ ഹെൽത്ത് മിഷൻ- സംസ്ഥാനത്തെ ആശാ വർക്കർമാരുടെ പ്രതിമാസ ഓണറേറിയത്തിൽ 3,000/- രൂപയുടെ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു.) വകുപ്പ്**

സ.ഉ.(കൈ) നം.**126/2026/H&FWD** തിരുവനന്തപുരം, തീയതി, **19-05-2026**

---

പരാമർശം:- **28.02.2026** തീയതിയിലെ സ.ഉ.(കൈ) നം.**69/2026/H&FWD** നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ **(NHM)** ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ആശ **(ASHA)** പദ്ധതി കേരളത്തിൽ **2007**-ലാണ് ആരംഭിച്ചത്. തുടക്കത്തിൽ ആയിരം ജനങ്ങൾക്ക് ഒരു ആശ പ്രവർത്തക എന്ന മാനദണ്ഡപ്രകാരമാണ് ആശ പ്രവർത്തകരെ വിന്യസിച്ചിരുന്നത്. തുടർന്ന് ആശ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും വാർഡ് ഹെൽത്ത്, സാനിറ്റേഷൻ ആൻഡ് ന്യൂട്രിഷൻ കമ്മിറ്റികളിലൂടെ പ്രവർത്തനങ്ങൾ ഫലപ്രദമായി അവലോകനം ചെയ്യുന്നതിനുമായി **2018**-ൽ ഒരു വാർഡിൽ ഒരു ആശ പ്രവർത്തക എന്ന രീതിയിൽ പുനഃക്രമീകരണം നടപ്പിലാക്കി. നിലവിൽ സംസ്ഥാനത്ത് അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തകരായി ആകെ **26,125** ആശ പ്രവർത്തകർ സേവനം അനുഷ്ഠിച്ചുവരുന്നു. ഇതിൽ **21,529** പേർ ഗ്രാമപ്രദേശങ്ങളിലും **4,104** പേർ നഗരപ്രദേശങ്ങളിലും **492** പേർ ആദിവാസി മേഖലകളിലുമാണ് പ്രവർത്തിക്കുന്നത്. നിലവിൽ സംസ്ഥാന സർക്കാർ ആശ പ്രവർത്തകർക്ക് അനുവദിച്ചുവരുന്ന പ്രതിമാസ ഓണറേറിയം, പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം **2026** ഏപ്രിൽ മുതൽ **₹1,000** വർദ്ധിപ്പിച്ച് **₹9,000** ആയി നിശ്ചയിച്ച് വിതരണം ചെയ്തുവരുന്നു.

**2.** സംസ്ഥാനത്തെ ആശാ വർക്കർമാർക്ക് സംസ്ഥാനസർക്കാർ നൽകി വരുന്ന പ്രതിമാസ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ആശാ വർക്കർമാർക്ക് നൽകിവരുന്ന പ്രതിമാസ ഓണറേറിയം നിലവിലുള്ള **9,000/-** രൂപയിൽ നിന്നും **3,000/-** രൂപ വർദ്ധനവ് വരുത്തി **12,000/-** രൂപയായി (പന്ത്രണ്ടായിരം രൂപ മാത്രം) നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വർദ്ധനവിന് **2026** ജൂൺ **1** മുതൽ

പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ ദൗത്യം, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് (18.05.2026-ലെ O.A. ഇനം നം. 6 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയം ഭരണ വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (FW1/157/2022-HEALTH-Part(3))

ഉത്തരവിൻ പ്രകാരം,

Signed by
Vipin Kumar. S
Date: 19-05-2026 23:29:19

സെക്ഷൻ ഓഫീസർ